## പതിമൂന്നാം കേരള നിയമ സഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2216 — 17-02-2016-ൽ മറുപടിക്ക്.

### അക്ഷയ സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജുഎബ്രഹാം | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര അക്ഷയ സെന്ററുകളാണ് പ്രവർത്തിച്ചു വരുന്നത്; | (എ) | 2418 അക്ഷയ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സെന്ററുകൾ മുഖേന എന്തൊക്കെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നത് ; | (ബി) | അക്ഷയ സെന്ററുകളിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| (സി) | ഇവയുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് ഫീസ് നൽകേണ്ടതുണ്ടോ; എങ്കിൽ ഏതൊക്കെ സേവനങ്ങൾക്ക് എത്ര തുക വീതമാണ് ഫീസ് നൽകേണ്ടതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | (സി) | അക്ഷയ കേന്ദ്രങ്ങൾ നടപ്പിലാക്കി വരുന്ന സേവനങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. അത്തരം സേവനങ്ങളും ഓരോ സേവനങ്ങൾക്കും ഈടാക്കുന്ന അനുവദനീയ ഫീസ് സംബന്ധിച്ചുമുള്ള വിവരങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | എല്ലാ വാർഡുകളിലും അക്ഷയ സെന്ററുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും പ്രസ്തുത സെന്ററുകളെ ഇൻഫർമേഷൻ കിയോസ്കുകളായി മാറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 4 ഉം, മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6 ഉം അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിൽ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായും, കോർപ്പറേഷന്റെ പ്രമേയവും അനുസരിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. ഓൺലൈനായി ലഭിക്കുന്ന സർക്കാർ സേവനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ തന്നെ അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇതല്ലാതെ പ്രസ്തുത കേന്ദ്രങ്ങൾ പൂർണ്ണമായി ഇൻഫർമേഷൻ കിയോസ്കുകളായി മാറ്റുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടില്ല. പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് കൊണ്ടും അക്ഷയ സംരംഭകരുടെ നിലനിൽപ്പ് ഉറപ്പാക്കി കൊണ്ടും മാത്രമേ പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

## അക്ഷയ സെന്ററുകളിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

1. ആധാർ രജിസ്ട്രേഷൻ

2. ഇ-ഗ്രാൻസ് (എസ്സ്.സി/എസ്.ടി/ഒ.ബി.സി/ ഒ.സി. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്/ഗ്രാൻഡ് നൽകുന്നതിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ/പുതുക്കൽ)

3. ആബി (ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന 5 സെന്റിന് താഴെ ഭൂമിയുള്ള കുടുംബങ്ങൾക്ക് ആം ആദ്മി ബീമാ യോജന)

4. കെ.എൻ.ആർ.കെ (18 നും 55 നും മദ്ധ്യേ പ്രായമുള്ള വിദേശത്ത് ജോലി ചെയ്യുന്ന/ വിദേശത്ത് 2 വർഷമെങ്കിലും ജോലി ചെയ്ത ശേഷം തിരിച്ച് വന്ന് കേരളത്തിൽ സ്ഥിര താമസമാക്കിയ കേരളീയർക്ക് പ്രതിമാസ, ത്രൈമാസ, അർദ്ധ വാർഷിക, വാർഷിക തവണകളായി അംശാദായം അടയ്ക്കുന്നതിനുള്ള സൗകര്യം)

5. ഇ-ഡിസ്ട്രിക്ട് (ഓൺലൈൻ സർട്ടിഫിക്കറ്റുകളുടെ വിതരണം) :- ആദ്യ ഘട്ടത്തിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള 23 തരം ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ അക്ഷയയിലൂടെ വിതരണം ചെയ്യുന്നു

6. ഇ-ഹെൽത്ത് : ഹെൽത്ത് ഡിപ്പാർട്ട്മെന്റിലെ ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം അക്ഷയകേന്ദ്രങ്ങൾ വഴി നല്കി വരുന്നു .

7. ചിയാക്ക് (രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജനയുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെയും അംഗത്വ രജിസ്ട്രേഷനും സ്മാർട്ട് കാർഡ് പുതുക്കലും)

8. ഇലക്ഷൻ ഐ ഡി കാർഡ് രജിസ്ട്രേഷനും തെറ്റുതിരുത്തലും അക്ഷയ കേന്ദ്രങ്ങളിലൂടെ ചെയ്തു വരുന്നു.

9. ഇ-പേ (ഇലക്ട്രിസിറ്റി, ടെലഫോൺ, വാട്ടർ അതോറിറ്റി ബില്ലുകൾ അടയ്ക്കുവാനുള്ള ഇ-പേ സൗകര്യം)

10. റെയിൽവേ ടിക്കറ്റുകൾ, വിമാന ടിക്കറ്റുകൾ എന്നിവ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനുള്ള സൗകര്യം

11. കേരള എൻജിനീയറിംഗ് /മെഡിക്കൽ പ്രവേശന പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ / അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്ത് അപേക്ഷാർത്ഥികൾക്ക് പ്രിന്റ് ഔട്ടിന്റെ കോപ്പി നൽകുന്നു.

12. മലയാളം കമ്പ്യൂട്ടിംഗ് അക്ഷയ സെന്ററുകളിലൂടെ നടപ്പിലാക്കുന്നു.

13. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ എം.സി.എ, എം.കോം തുടങ്ങിയ മാസ്റ്റർ ബിരുദ കോഴ്സുകൾ, ബി.സി.എ, ബി.കോം തുടങ്ങിയ ബിരുദ കോഴ്സുകൾ, സി.എൽ.പി, സി.ഐ.ടി തുടങ്ങിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങിയവ തെരെഞ്ഞെടുത്ത അക്ഷയ സെന്ററുകളിലൂടെ നടപ്പിലാക്കി വരുന്നു.

14. 10 മുതൽ 18 വയസ്സു വരെയുള്ള കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള ഇന്റർ ആക്ടീവ് പഠന പദ്ധതിയായ ഇന്റൽ ലേൺ അക്ഷയ വഴി നടപ്പിലാക്കുന്നു.

15. കമ്പ്യൂട്ടർ സാക്ഷരത നേടിയവർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹകരണത്തോടെ നൽകുന്ന തുടർ പഠനപദ്ധതിയായ ഇ-വിദ്യ അക്ഷയ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുന്നു.

16. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ഡിഗ്രി കോഴ്സിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ഓപ്ഷൻ നൽകുന്നതിനുമുള്ള സൗകര്യം അക്ഷയ കേന്ദ്രങ്ങളിലൂടെ ചെയ്തു വരുന്നു.

17. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഫീസുകൾ അക്ഷയയിൽ സ്വീകരിക്കുന്നതാണ്.

18. ഫുഡ് ബിസിനസ് ഓപ്പറേറ്റേഴ്സിന്റെ ലൈസൻസ് /രജിസ്ട്രേഷൻ അക്ഷയ വഴി ഓൺലൈൻ ആയി ചെയ്തു വരുന്നു

19 . കിയോസ്ക് ബാങ്കിംഗ് – അക്ഷയ വഴി ബാങ്കിംഗ് സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

**ചോദ്യം. ബി. വിശദാംശം**

| അക്ഷയ സർവ്വീസ് ചാർജ് | | |
|---|---|---|
| **സേവനങ്ങൾ** | **ജനങ്ങളിൽ നിന്ന് ഈടാക്കുന്ന സേവന നിരക്ക്** | |
| യു.ഐ.ഡി. എൻറോൾമെന്റ് | ഫീസില്ല | |
| ഇ-ഡിസ്ട്രിക്ട് | ജനറൽ കാറ്റഗറി | Rs.17/- (Rs.10 for ACEs* + Rs.2 for Govt. + Rs.5 for Revenue Stamp) |
| | ബി.പി.എൽ | Rs.15/- (Rs.10 for ACEs + Rs.5 for Revenue Stamp) |
| | SC/ST | Rs.10/- (Rs.10 for ACEs) |
| | | Rs.2/- per page additional for Printing & Scanning |
| യൂട്ടിലിറ്റി പേയ്മെന്റ്- BSNL, KSEB, Water Authority, e-challan, payment of Motor Vehicle Dept. | For Amount upto Rs.1000/- | Rs.10/- |
| | Rs.1001 - 5000 | Rs.20/- |
| | Rs.5001 & above | 0.5% of the amount to be paid |
| കൾച്ചറൽ ആക്ടിവിസ്റ്റ് സബ്സ്ക്രിപ്ഷൻ കളക്ഷൻ | Upto 200 | Rs. 6/- |
| | Rs.201 - Rs.1000 | Rs.10/- |
| | Rs.1001 - Rs. 5000 | Rs.20/- |
| | Rs.5001 & above | 0.5% of the amount to be paid |
| കിയോസ്ക് ബാങ്കിംഗ് | ഫീസില്ല | |
| ഇ-ഫയലിംഗ് | ഫീസില്ല | |
| ഇ-ഗ്രാന്റ്സ് | ഫീസില്ല | |
| KNRK വെൽഫയർ ബോർഡ് അംഗങ്ങളുടെ മാസവരി അടയ്ക്കൽ | Upto 500/- | Rs. 6/- |
| | Rs.501 – 1000 | Rs.11/- |
| | Above Rs. 1000/- | Rs.16/- |
| ഇലക്ഷൻ ഐ.ഡി | | Rs.20/- |
| ഫുഡ് & സേഫ്റ്റി രജിസ്ട്രേഷൻ | | |
| പുതിയ രജിസ്ട്രേഷൻ | ഡാറ്റാ എൻട്രി | Rs.25/- |
| | സ്കാനിംഗ് / ഫോട്ടോ ക്യാപ്ചറിംഗ് | Rs.3/- |
| | സ്കാനിംഗ് /പ്രിന്റിംഗ് | Rs.3/- per page |

* Akshaya Centre Entrepreneur

| | | |
|---|---|---|
| പുതിയ ലൈസൻസ് | ഡാറ്റാ എൻട്രി | |
| | പേമെന്റ് ട്രാൻസാക്ഷൻ ഫീ | Rs.16/- |
| | സ്കാനിംഗ് /പ്രിന്റിംഗ് | Rs.3/- per page |
| രജിസ്ട്രേഷൻ പുതുക്കൽ | സേവന നിരക്ക് | Rs.10/- |
| | സ്കാനിംഗ് /പ്രിന്റിംഗ് | Rs.3/- per page |
| ആബി | പോളിസി വിതരണം | Rs.5/- |
| | സ്കോളർഷിപ്പ് അപേക്ഷ സ്വീകരിക്കൽ | Rs.15/- |

സെക്ഷൻ ഓഫീസർ